**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** **01-02-2024 - ൽ മറുപടിയ്ക്ക്**

**മൂന്നാറിലും വാഗമണ്ണിലും ടൂറിസം ടൗൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മൂന്നാറിലും വാഗമണ്ണിലും ടൂറിസം ടൗൺഷിപ്പ് നിർമ്മാണം ഉൾപ്പെടെ കോടികളുടെ വിദേശ നിക്ഷേപത്തിനു യു.എ.ഇ. അംബാസിഡറുമായി ചർച്ച നടത്തിയിട്ടുണ്ടോ; | (എ) | 2023 നവംബറിൽ ഇന്ത്യയിലെ യു.എ.ഇ അംബാസഡർ ബഹു. മുഖ്യന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിലെ ഹിൽ സ്റ്റേഷനുകളിൽ ടൗൺഷിപ്പുകൾ വികസിപ്പിയ്ക്കാൻ താൽപ്പര്യമുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിയ്ക്കാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 18-01-2024-ൽ സ.ഉ(സാധാ)നം.25/2024/TSM ഉത്തരവ് പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രായോഗികമായ കൂടിയാലോചനകൾ നടന്നുവരുന്നതേയുള്ളൂ. |
| (ബി) | എങ്കിൽ എവിടെ വച്ചാണ് ചർച്ച നടത്തിയത് എന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ചർച്ചയുടെ മീറ്റിംഗ് മിനിറ്റ്സ് ലഭ്യമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര കോടി രൂപയാണ് യു.എ.ഇ. സർക്കാർ നിക്ഷേപിക്കാൻ താല്പര്യം പ്രകടിപ്പിച്ചത് എന്ന് വ്യക്തമാക്കാമോ; | (സി) | (എ) പിരിവിന്റെ അതേ ഉത്തരം. |
| (ഡി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | (എ) പിരിവിന്റെ അതേ ഉത്തരം. |
| (ഇ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഇ) | (എ) പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ